## മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം


1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........................................ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........................................ 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) ........................................ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........................................ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........................................ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........................................ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........................................ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........................................ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........................................ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........................................ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........................................ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........................................ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22-28) ........................................ 109.

പാഠം 9

# ഏറ്റവും വിശ്വാസ്യമായ തെളിവ്

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** യോഹ.11:51; എഫേ.2:13-16; 2 കൊരി.5:17-21; എഫേ.4:25-5:2,12; റോമ.14:1-6; അ.പ്ര.1:14.

**മനഃപാഠവാക്യം: "അവൻ ഇതു സ്വയമായി പറഞ്ഞതല്ല, താൻ ആ സംവസ്തരത്തെ മഹാപുരോഹിതനാകയാൽ ജനത്തിനു വേണ്ടി യേശു മരിക്കുവാൻ ഇരിക്കുന്നു എന്ന് പ്രവചിച്ചതത്രെ. ജനത്തിനുവേണ്ടി മാത്രമല്ല ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായി ചേർക്കേണ്ടതിനും തന്നേ" (യോഹന്നാൻ 11:51, 52).**

അന്ത്യകാലത്ത് ഊട്ടിയുറപ്പിക്കാനുള്ള തിരുവചന സത്യങ്ങളിലും, യേശുവിനെ രക്ഷിതാവായും കേന്ദ്രീകരിക്കുന്ന പൊതു സന്ദേശത്തിലൂടെ ഐക്യം വെളിപ്പെടുന്നത് കഴിഞ്ഞയാഴ്ചത്തെ പാഠത്തിൽ നാം കണ്ടു. ദൈവം നമുക്കു തന്ന ദൂതും അത് ലോകം മുഴുവൻ വ്യാപിപ്പിക്കാനുള്ള വിളിയുമാണ് നമ്മെ നാമാക്കുന്നത്.

ക്രിസ്ത്യാനികളുടെ ദൈനംദിന ജീവിതത്തിലും സഭയുടെ ദൗത്യത്തിലും വെളിപ്പെടേണ്ട പ്രത്യക്ഷ സഭൈക്യം ഈയാഴ്ച പഠിക്കും. രക്ഷയുടെയും നിരപ്പിന്റെയും ദൈവീക ദൂത് സഭ വെറുതെ പ്രഖ്യാപിക്കുകയല്ലെന്ന് യേശുക്രിസ്തു പറയുന്നു. സഭയിലെ ഐക്യം തന്നെ ആ നിരപ്പാകലിന്റെ അവശ്യ വെളിപ്പെടുത്തലാണ്. പാപവും കലാപവും നിറഞ്ഞ ലോകത്തിൽ യേശുവിന്റെ രക്ഷാകരവേലയ്ക്കും ശക്തിയ്ക്കും കാണപ്പെടുന്ന സാക്ഷിയാണ് സഭ. സഭയുടെ പൊതുസാക്ഷ്യത്തിൽ ഒരുമയും ഐക്യദാർഢ്യവും ഇല്ലാതെ യേശുവിന്റെ രക്ഷാകര ശക്തി ഈ ലോകത്തിൽ വെളിപ്പെടില്ല. "ക്രിസ്തുവിലുള്ള ഐക്യം ഓരോരുത്തരുമായുള്ള ഐക്യബന്ധം സ്ഥാപിക്കുന്നു. ഈ ഐക്യമാണ് യേശുവിന്റെ രാജകീയതയ്ക്കും നന്മയ്ക്കും പാപം മോചിക്കാനുള്ള ശക്തിയ്ക്കും ലോകത്തിനു മുന്നിൽ ഏറ്റവും വിശ്വാസയോഗ്യമായ തെളിവ്." - *എലൻ ജി. വൈറ്റ്, കമന്റ്സ്, ദി എസ്.ഡി.എ ബൈബിൾ കമന്ററി, വാല്യം 5, പേജ് 1148.*

**ഞായർ** **നവംബർ 25**

### യേശുവിന്റെ ക്രൂശിൻ ചുവട്ടിൽ

ദൈവം ജനത്തിന് നൽകുന്ന മറ്റനേകം ആത്മീയ അനുഗ്രഹങ്ങൾ പോലെ തന്നെ ഒന്നാണ് സഭൈക്യവും. നമ്മുടെ ശ്രമം കൊണ്ടോ, നല്ല പ്രവർത്തി കൊണ്ടോ, സദുദ്ദേശ്യം കൊണ്ടോ ഉണ്ടാക്കാവുന്ന ഒന്നല്ല ഐക്യം. അടിസ്ഥാനപരമായി യേശുക്രിസ്തുവിന്റെ മരണ ഉത്ഥാനങ്ങളിലൂടെയാണ് ഐക്യം ഉണ്ടായത്. വിശ്വാസത്താൽ യേശുവിന്റെ മരണവും, സ്നാനത്താൽ ഉയിർപ്പും പാപമോചനവും വഴി ഒരേ കൂട്ടായ്മയിൽ നമ്മൾ ചേരുന്നു, കൂടാതെ ത്രിവിധ ദൂത് ലോകത്തോട് അറിയിക്കുമ്പോഴും യേശുവുമായി ഐക്യത്തിലാണ്, തമ്മിൽ തമ്മിലും ഐക്യത്തിലാകുന്നു.

**യോഹന്നാൻ 11:51,52 കൂടാതെ എഫേസ്യർ 1:7-10 വായിക്കുക. സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ ക്രിസ്തുവിന്റെ ജീവിതത്തിലെ എന്ത് സംഭവമാണ് നമുക്കിടയിലെ ഐക്യത്തിന് അടിസ്ഥാനം?**

"അവൻ (കൈയ്യാഫാവ്) ഇതു സ്വയമായി പറഞ്ഞതല്ല, താൻ ആ സംവത്സരത്തെ മഹാപുരോഹിതനാകയാൽ, ജനത്തിനു വേണ്ടി യേശു മരിക്കുവാൻ ഇരിക്കുന്നു എന്ന് പ്രവചിച്ചതത്രേ. ജനത്തിനു വേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായി ചേർക്കേണ്ടതിനും തന്നേ" (യോഹ. 11:51,52). യേശു മരിക്കണമെന്ന് വിധിക്കുകയും കയ്യഫാസ് യേശുവിന്റെ മരണത്തിന്റെ അർത്ഥമെന്തെന്ന് മനസ്സിലാക്കാതിരുന്നിട്ടും, ദൈവം കയ്യഫാസിനെത്തന്നെ ആ മരണത്തിന്റെ അർത്ഥം വെളിപ്പെടുത്താൻ ഉപയോഗിക്കുന്നത് എത്ര വിചിത്രം! മഹാപുരോഹിതനു മനസ്സിലാവാത്തത് മറ്റ് പുരോഹിതന്മാർക്ക് മനസ്സിലാകുമോ? അവർക്കും അവന്റെ പ്രസ്താവനയുടെ പ്രാധാന്യം പിടികിട്ടിയില്ല. കയ്യഫാസ് വിചാരിച്ചത് ഒരു രാഷ്ട്രീയ തന്ത്രം താൻ പ്രയോഗിക്കുന്നുവെന്നാണ്. യോഹന്നാനോ, നമുക്കു പകരമായി യേശു മരിച്ചു എന്ന അടിസ്ഥാന സത്യം വെളിപ്പെടുത്തുകയായിരുന്നു. ഒരിക്കൽ ഒന്നായി ചേരാനുള്ള ദൈവത്തിന്റെ വിശ്വസ്തരായവർക്കെല്ലാവർക്കും വേണ്ടി ആയിരുന്നു ഇതു.

അഡ്വന്റിസ്റ്റുകളെന്ന നിലയിൽ എന്തെല്ലാം വിശ്വസിച്ചാലും, നമ്മൾ മാത്രമായി എന്തൊക്കെ ദൂത് അറിയിച്ചാലും, നമുക്കായി യേശു കാൽവരിയിൽ മരിച്ചത് ഏറ്റെടുക്കുമ്പോൾ മാത്രമാണ് ഐക്യത്തിന് അടിത്തറയിടുന്നത്.

ഇതിനുമപ്പുറം സ്നാനത്തിലൂടെയും ക്രിസ്തുവിൽ നാം ഒന്നാകുന്നു. "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ.3:26,27). ക്രിസ്തുവിൽ നാം വിശ്വസിക്കുന്നതിന്റെ അടയാളമായ സ്നാനം അഡ്വന്റിസ്റ്റുകാർ പങ്കിടുന്ന ദൃഢബന്ധമാണ്. നമുക്കൊരു പിതാവേ ഉള്ളൂ; നാമെല്ലാം ദൈവത്തിന്റെ മകനും മകളുമാണ്. നമുക്കൊരേയൊരു രക്ഷകനേ ഉള്ളൂ. അവന്റെ മരണത്തിലും ഉത്ഥാനത്തിലുമാണ് നാം സ്നാനമേറ്റിരിക്കുന്നത്. (റോമ. 6:3,4).

**സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നമുക്കിടയിൽ എന്തെല്ലാം സാംസ്ക്കാരിക, സാമൂഹിക, വംശീയ, രാഷ്ട്രീയ വ്യത്യസ്തതകൾ ഉണ്ടെങ്കിലും യേശുവിലുള്ള ഏക വിശ്വാസം ഇവയെയൊക്കെ ഇല്ലാതാക്കുന്നതെങ്ങനെ?**

**തിങ്കൾ** **നവംബർ 26**

## അനുരഞ്ജനത്തിന്റെ ശുശ്രൂഷ

ലോകം അക്രമങ്ങളും പ്രശ്നങ്ങളും യുദ്ധങ്ങളും കലാപങ്ങളും നിറഞ്ഞതാണ്. ഇതെല്ലാം നമ്മെ വൈയക്തിക, സാമൂഹിക, ദേശീയ തലങ്ങളിൽ ബാധിക്കുന്നുണ്ട്. ചിലപ്പോൾ തോന്നും നമ്മുടെ ജീവിതകാലം തന്നെ കലാപകലുഷിമാണെന്ന്.

എന്നാൽ അനൈക്യവും അക്രമവും എക്കാലവും തുടരില്ല. പ്രപഞ്ചം മുഴുവൻ ഒന്നിപ്പിക്കാനുള്ള ദൗത്യത്തിലാണ് ദൈവം. പാപം വിഘടനം കൊണ്ടുവന്നെങ്കിൽ, ദൈവീക വീണ്ടെടുപ്പിൻ പദ്ധതി സമാധാനവും പൂർണ്ണതയും കൊണ്ടുവരും.

എഫേസ്യർ 2:13-16 വാക്യങ്ങളിൽ വിശ്വാസികൾക്കിടയിൽ സമാധാനമുണ്ടാകാൻ യേശു എങ്ങനെ പ്രവർത്തിച്ചുവോ ആ തത്വങ്ങൾ പൗലൊസ് മുന്നോട്ടു വയ്ക്കുന്നൂ. ക്രൂശു മരണത്തിലൂടെ യേശു യഹൂദനും ജാതികളും തമ്മിലുള്ള ജാതീയ വംശീയ വേർതിരിവുകളുടെ മതിലിടിച്ച്, അവരെ ഒന്നാക്കി. ഒന്നാം നൂറ്റാണ്ടിൽ യഹൂദനെയും ജാതികളെയും ഒന്നിപ്പിക്കാൻ യേശുവിനു കഴിഞ്ഞെങ്കിൽ ഇന്ന് സഭയിലുള്ള ജാതീയ, വംശീയ, സാമുദായിക വേർതിരിവുകളുടെ ചുവരുകളിടിച്ച് എല്ലാവരെയും ഒന്നാക്കുവാൻ യേശുവിന് ഇന്നും സാധിക്കില്ലേ?

ഈ തുടക്കത്തിൽ നിന്ന് നമുക്കു ലോകമെങ്ങും പുറപ്പെട്ടു ചെല്ലാം.

**2 കൊരിന്ത്യർ 5:17-21 വാക്യങ്ങളിൽ പൗലൊസ് പറയുന്നു ക്രിസ്തുവിൽ നാം പുതിയ സൃഷ്ടികളാണ്, ദൈവവുമായി രമ്യതയിലായവർ. എങ്കിൽ എന്താണ് ഈ ലോകത്തിലെ നമ്മുടെ ശുശ്രൂഷ? ഐക്യമുള്ള സഭയായാൽ സമുദായങ്ങളിൽ എന്തു മാറ്റം കൊണ്ടുവരാനാകും?**

ദൈവത്തിന്റെ പുതു സൃഷ്ടികളെന്ന നിലയിൽ വിശ്വാസികൾക്കുള്ളത് അതിനിർണ്ണായക ദൗത്യമാണ് - വീണ്ടെടുപ്പിന്റെ ഒരു ത്രിവിധ ശുശ്രൂഷ. (1) ദൈവത്തിൽ നിന്ന് ഒരിക്കൽ അകലെയായിരുന്ന ഒരു കൂട്ടം വിശ്വാസികളാണ് ഇന്ന് സഭയിലുള്ളത്. ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ കൃപയിലൂടെ രക്ഷ ലഭിച്ച് പരിശുദ്ധാത്മാവിലൂടെ ദൈവവുമായി ഒന്നിച്ചു ചേർക്കപ്പെട്ട കൂട്ടം. ലോകത്തോട് അന്ത്യകാല ദൂത് പ്രഘോഷിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പു സഭയാണ് നമ്മൾ. ദൈവത്തിൽ നിന്നകലെ കഴിയുന്നവരെ അവനായി വീണ്ടെടുത്ത് നമ്മുടെ ദൗത്യത്തിനായി ഒന്നിച്ചു ചേർക്കുക. (2) തമ്മിൽ നിരപ്പു പ്രാപിച്ച ദൈവജനത്തിന്റെ ഒരു കൂട്ടം കൂടിയാണ് സഭ. ക്രിസ്തുവിൽ ഒന്നാകുക എന്നു വച്ചാൽ നമ്മൾ തമ്മിലും ഒന്നാകണം. ഏതോ മഹാകാര്യമെന്ന പോലെ അല്ല, അത് പ്രത്യക്ഷമായി കാണേണ്ട യാഥാർത്ഥ്യമാണ്. സഹോദരീസഹോദരന്മാർ തമ്മിൽ സമാധാനവും ഒത്തൊരുമയും ഉണ്ടാവുക എന്നത് യേശു നമ്മുടെ രക്ഷിതാവും കർത്താവുമാണെന്നതിന്റെ ഉറച്ച സാക്ഷ്യമാണ്. "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും" (യോഹ.13:35). (3) വീണ്ടെടുപ്പിന്റെ ഈ ശുശ്രൂഷയിലൂടെ സഭ ലോകത്തോടു പറയുന്നു ദൈവത്തിന്റെ രക്ഷാകര പദ്ധതി സത്യവും ശക്തവുമാണ്. ദൈവവും ദൈവീക സ്വഭാവവും ആണ് വൻ വിവാദവിഷയം. സഭ എത്രമാത്രം ഐക്യവും വീണ്ടെടുപ്പും വളർത്തി എടുക്കുന്നുവോ ദൈവത്തിന്റെ അനന്ത ജ്ഞാനം അത്രത്തോളം തിരതല്ലുന്നത് പ്രപഞ്ചം കാണുന്നു. (എഫേ.3:8-11).

## പ്രായോഗിക ഐക്യം

1902-ൽ എലൻ ജി. വൈറ്റ് എഴുതി: "ഈ ഭൗമജീവിതത്തിൽ ക്രിസ്തു എന്തായിരുന്നോ, അതാവണം ഓരോ ക്രിസ്ത്യാനിയും. അവനാണ് നമ്മുടെ മാതൃക, കറതീർന്ന വിശുദ്ധിയിൽ മാത്രമല്ല ക്ഷമ, സൗമ്യത, സ്വഭാവത്തിലെ പ്രശാന്തത എല്ലാത്തിലും മാതൃകയാവണം."-*എലൻ ജി. വൈറ്റ്, സൈൻസ് ഓഫ് ദി ടൈംസ്, ജൂലൈ 16, 1992.* ഫിലിപ്പിയർക്കുള്ള പൗലോസിന്റെ ആഹ്വാനത്തിന്റെ ഓർമ്മപ്പെടുത്തലാണ് ഇത്: "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലി. 2:5).

**എഫേ. 4:25-5:2; കൊലൊ.3:1-17 വായിച്ചിട്ട് രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം പറയുക. ജീവിതത്തിലെ ഏതെല്ലാം മേഖലകളിലാണ് നാം ക്രിസ്തുവിനോടുള്ള കൂറ് കാണിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നത്? പൊതുജീവിതത്തിൽ എങ്ങനെ സുവിശേഷത്തിന്റെ സാക്ഷികൾ ആയിരിക്കണം?**

യേശുവിന്റെ മാതൃക പിൻതുടരാനും ദൈവകൃപയുടെ ജീവിക്കുന്ന സാക്ഷികളായിരിപ്പാനും ആവശ്യപ്പെടുന്ന അനേകം ഭാഗങ്ങൾ സുവിശേഷത്തിൽ കാണാം. മറ്റു ചിലതിനുകൂടി നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു, മറ്റുള്ളവരുടെ ക്ഷേമം അന്വേഷിക്കുക (മത്താ.7:12); തമ്മിൽ തമ്മിൽ ഭാരം ചുമക്കുക (ഗലാ.6:2); സാധാരണ ജീവിതം നയിക്കുക, ആത്മീയതയുടെ ബാഹ്യപ്രകടനങ്ങളിൽ അല്ല ആന്തരിക വളർച്ചയിൽ ശ്രദ്ധയൂന്നുക (മത്താ.16:24-26; 1 പത്രൊ.3:3,4); കൂടാതെ ആരോഗ്യപരമായ ജീവിതശൈലികളുണ്ടാവുക (1 കൊരി.10:31).

"പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവർത്തിക്കാർ എന്നു ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു" (1 പത്രൊ. 2:11,12). നമ്മെ ശ്രദ്ധിക്കുന്നവരുടെ മുന്നിൽ ക്രിസ്തീയ സ്വഭാവമുണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം എത്ര തവണ നാം കുറച്ചു കണ്ടു? സമനില തെറ്റിപ്പോയേക്കാവുന്ന നിമിഷങ്ങളിൽ ശാന്തമാവുക, ആകുലതകളുടെയും കലഹങ്ങളുടെയും നടുവിൽ ചിട്ടയായി ജീവിക്കുക, കുത്തുവാക്കുകളോടും അമർഷങ്ങളോടും സൗമ്യമായി പ്രതികരിക്കുക ഇവയൊക്കെ നമ്മൾ പരിപൂർണ്ണമായി അനുകരിക്കേണ്ട യേശുവിന്റെ ആത്മ അടയാളങ്ങളാണ്. ദൈവത്തിന്റെ സ്വഭാവം തെറ്റിദ്ധരിക്കുന്ന ഒരു ലോകത്തിൽ സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ സാക്ഷികളാകുന്നതിനാൽ നമ്മൾ നന്മയുടെ ശക്തിയും ദൈവത്തിന്റെ മഹത്വവുമാണ്. ക്രിസ്തുവിന്റെ പ്രതിനിധികളെന്ന നിലയിൽ വിശ്വാസികൾ സന്മാർഗ്ഗത്തിന്റെ നേർവഴിയിൽ നടക്കുന്നവരും സഹജീവികളുടെ ക്ഷേമകാര്യങ്ങളിൽ പ്രായോഗികമായി ഇടപെടുന്നവരുമാകണം. നമ്മുടെ ആത്മീയ അനുഭവം സത്യസന്ധമാണെങ്കിൽ അത് ലോകത്തിനുമേൽ ഒരു

മുദ്ര പതിപ്പിക്കും. ലോകത്തിനുമുന്നിൽ ക്രിസ്തുവിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന വിശ്വാസികളുടെ ഐക്യമുള്ള ഒരു കൂട്ടമാണെങ്കിൽ അത് ശക്തമായ ഒരു സാക്ഷ്യമായിരിക്കും.

**എന്തു തരം സാക്ഷ്യമാണ് നിങ്ങൾ മറ്റുള്ളവർക്ക് നൽകുന്നത്? ക്രിസ്തുവിനെ അനുഗമിക്കാൻ തക്ക എന്താണ് മറ്റൊരാൾക്ക് നിങ്ങളുടെ ജീവിതത്തിൽ കണ്ടെത്താനാവുക?**

**ബുധൻ** **നവംബർ 28**

### ഏകത്വവും നാനാത്വവും

റോമിലെ സഭയെ വിഘടിക്കുന്ന ആഴമേറിയ പ്രശ്നങ്ങളെക്കുറിച്ചാണ് പൗലൊസ് അപ്പൊസ്തലൻ റോമർക്കുള്ള ലേഖനം 14,15 അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നത്. റോമാക്കാർ പരസ്പരം സഹിഷ്ണുതയും ക്ഷമയും ഉള്ളവരായി മാറി സഭയെ വിഘടിക്കാതെ സംരക്ഷിക്കുന്നതിലേക്ക് ക്ഷണിക്കുകയായിരുന്നു പൗലൊസിന്റെ ഈ ലേഖന ലക്ഷ്യം. ഇതിൽ നിന്ന് നമുക്കെന്തു പഠിക്കാം?

**റോമർ 14:1-6 വായിക്കുക. ന്യായം വിധിക്കാനും മറ്റുള്ളവരുമായി കൂട്ടായ്മയില്ലാതാകുവാനും തക്ക എന്തു വിഷയമായിരുന്നു റോമിലെ വിശ്വാസികളെ ബാധിച്ചത്?**

യഹൂദ മതാചാര പ്രകാരമുള്ള ശുദ്ധിയില്ലായ്മയായിരുന്നിരിക്കാം ഇതിന്റെ ഒരു കാരണം. പൗലൊസിന്റെ എഴുത്തു പ്രകാരം ഇവ "സംശയകരമായ കാര്യങ്ങളുടെ മേലുള്ള തർക്കങ്ങളായിരുന്നു" (റോമ. 14:1). ഇതൊന്നും രക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളല്ലെന്നും അതൊക്കെ ഓരോരുത്തരുടെ മനസ്സാക്ഷിക്കു വിട്ടുകൊടുക്കേണ്ട കാര്യങ്ങളാണെന്നും പൗലൊസ് പറയുന്നു (റോമ. 14:5).

ഈ തർക്കങ്ങളിൽ ആദ്യത്തേത് ആഹാരത്തെക്കുറിച്ചായിരുന്നു. ലേവ്യപുസ്തകം 11-ാം അദ്ധ്യായത്തിൽ വിലക്കിയിട്ടുള്ള മൃഗങ്ങളെ ഭക്ഷിക്കുന്ന കാര്യമല്ല പൗലൊസ് ഉന്നയിക്കുന്ന വിഷയം. ആദിമ ക്രൈസ്തവർ പൗലൊസിന്റെ കാലത്ത് പന്നിമാംസമോ മറ്റ് വിലക്കപ്പെട്ട മൃഗമാംസമോ ഭക്ഷിച്ചതായി യാതൊരു തെളിവും ഇല്ല, മാത്രമല്ല പൗലൊസും അത്തരം ഭക്ഷണം കഴിച്ചിരുന്നില്ല (അ.പ്ര.10:14). കൂടാതെ ക്ഷീണിതരായവർ സസ്യാഹാരം മാത്രം ഭക്ഷിച്ചു (റോമ.14:2). പാനീയങ്ങളിന്മേലും വിവാദം നിലനിന്നിരുന്നു എന്ന് സൂചനയുണ്ട് (റോമ.14:17,21). ഇതിൽ നിന്നെല്ലാം ലഭിക്കുന്ന സൂചനയെന്തെന്നാൽ ആചാരങ്ങളിലുള്ള അശുദ്ധിയാണ് വിഷയം. റോമർ 14:14-ൽ പറയുന്ന (കൊയ്നൊസ്) അശുദ്ധി എന്ന വാക്കിൽ ഇതു കൂടുതൽ വ്യക്തമാകുന്നു. പഴയ നിയമത്തിലെ ഗ്രീക്കു തർജ്ജമയിൽ ഈ വാക്ക് സൂചിപ്പിക്കുന്നത് അശുദ്ധമായ മൃഗങ്ങളെയാണ്. ലേവ്യപുസ്തകം 11-ലെ മൃഗങ്ങളെയല്ല. ചിട്ടയനുസരിച്ച് തയ്യാറാക്കിയതാണോ, വിഗ്രഹങ്ങൾക്ക് അർപ്പിച്ച ശേഷമാണോ ഭക്ഷിക്കുന്നത് എന്നൊക്കെ ഉറപ്പില്ലാത്തതിനാൽ റോമാ സമൂഹ കൂട്ടായ്മകളിൽ ചിലർ ഭക്ഷണം കഴിക്കാതിരുന്നു.

ചില ദിവസങ്ങളുടെ ആചരണത്തിന്റെ കാര്യത്തിലും ഇതുപോലെ തന്നെയായിരുന്നു. ആഴ്ചതോറുമുള്ള ശബ്ബത്തനുസരണത്തെക്കുറിച്ചല്ല ഇത്, കാരണം നമുക്കറിയാം പൗലൊസ് പതിവായി ശബ്ബത്തനുസരിച്ചിരുന്നു (അ.പ്ര.13:14; 16:13; 17:2). യഹൂദ പെരുന്നാൾ ദിവസങ്ങളെയും ഉപവാസ ദിവസങ്ങളെയും കുറിച്ചാണ് സൂചന. രക്ഷയ്ക്കുള്ള മാർഗ്ഗമാണിതെന്ന് കരുതാത്തിടത്തോളം, ആത്മാർത്ഥതയോടെ ഇവ ആചരിക്കുന്നവരോട് സഹിഷ്ണുത കാണിക്കാനാണ് പൗലൊസ് ആവശ്യപ്പെടുന്നത്. വിഷയങ്ങളിന്മേൽ യോജിക്കാനാവാതെ വരുമ്പോൾ സമചിത്തതയും സ്വയനിയന്ത്രണവുമുണ്ടെങ്കിൽ ക്രിസ്ത്യാനികൾക്കിടയിൽ ഐക്യമുണ്ടാകും; പ്രത്യേകിച്ച് ഇത്തരം വഷയങ്ങൾ വിശ്വാസപരമായ കാര്യങ്ങളെ സ്പർശിക്കാത്തിടത്തോളം.

**ക്ലാസ്സിൽ ഈ ചോദ്യം ചോദിക്കുക: എല്ലാ അംഗങ്ങളും അനുസരിക്കണമെന്നില്ലാത്ത എന്തെങ്കിലും സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നാം വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നുണ്ടോ?**

**വ്യാഴം** **നവംബർ 29**

## സുവിശേഷവേലയിലെ ഐക്യം

**ലൂക്കൊസ് 22:24-ൽ ശിഷ്യന്മാർക്ക് തിരുവത്താഴത്തിനു മുമ്പും അ.പ്ര.1:14, 2:1, 46 വാക്യങ്ങളിൽ പെന്തക്കൊസ്ത് അനുഭവത്തിനു മുമ്പും ഉണ്ടായ വികാരങ്ങൾ താരതമ്യം ചെയ്യുക. അവരുടെ ജീവിതത്തിൽ അത്തരമൊരു മാറ്റം എങ്ങനെയുണ്ടായി?**

അ.പ്ര. 1:14, 2:46 വാക്യങ്ങളിൽ "ഒരുമനപ്പെട്ട്" എന്ന പ്രയോഗം "ഒരേ മനസ്സ് സൂക്ഷിക്കുന്ന" എന്നുകൂടി അർത്ഥമാക്കുന്നു. സഹായകനെ അയക്കാമെന്ന യേശുവിന്റെ വാഗ്ദത്ത പൂർത്തീകരണത്തിനായി അവർ ഒരേ സ്ഥലത്ത് ഒരുമിച്ചു കൂടി പ്രാർത്ഥിച്ചതിന്റെ ഫലമായാണ് ഇതുണ്ടായത്.

അവർ അങ്ങനെ കാത്തിരിക്കെ എളുപ്പം പരസ്പരം കുറ്റം പറയാമായിരുന്നു. പത്രൊസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതോ (യോഹ. 18:15-18, 25-27), തോമസ് യേശുവിനെ സംശയിച്ചതോ (യോഹ.20:25) ഒക്കെ പറഞ്ഞ് തർക്കിക്കാമായിരുന്നു. യേശുവിന്റെ രാജ്യത്തിൽ ഏറ്റവും ശക്തമായ സ്ഥാനം ലഭിക്കണമെന്ന യോഹന്നാന്റെയും യാക്കോബിന്റെയും അപേക്ഷയെക്കുറിച്ചോർത്ത് (മർക്കൊ. 10:35-41) ചർച്ച ചെയ്യാമായിരുന്നു. മത്തായി ചുങ്കക്കാരനായിരുന്നല്ലോ എന്ന് കുറ്റം പറയാമായിരുന്നു (മത്താ. 9:9).

എന്നിരുന്നാലും "ഈ കാത്തിരിപ്പിന്റെ ദിനങ്ങൾ ആഴത്തിൽ ഹൃദയത്തെ തിരയുന്ന ദിനങ്ങളായിരുന്നു. ശിഷ്യന്മാർ ആത്മീയ ആവശ്യം തിരിച്ചറിഞ്ഞു. ആത്മാക്കളെ നേടുന്ന വേലയിൽ സഹായിക്കുന്ന വിശുദ്ധ അഭിഷേകത്തിനായി കർത്താവിനോട് നിലവിളിച്ചു. അവർക്കായി കേവല അനുഗ്രഹങ്ങളൊന്നും യാചിച്ചില്ല. ആത്മാക്കളുടെ രക്ഷയെക്കുറിച്ചായിരുന്നു അവരുടെ ആത്മഭാരം. സുവിശേഷം ലോകമെങ്ങും എത്തിക്കണമെന്ന് അവർ തിരിച്ചറിഞ്ഞു. ക്രിസ്തു വാഗ്ദത്തം

ചെയ്ത ആ ശക്തിക്കായി ആകാംക്ഷാഭരിതരായി അവർ കാത്തരിന്നു." - *എലൻ ജി. വൈറ്റ്, ദി ആക്റ്റ്സ് ഓഫ് ദി അപ്പോസൽസ്, പേജ് 37.*

ശിഷ്യന്മാരുടെ കൂട്ടായ്മയും ആഴമേറിയ പ്രാർത്ഥനയും അസുലഭ ദിനമായ പെന്തക്കൊസ്തിനായി അവരെ ഒരുക്കി. വ്യക്തിപര ഭിന്നതകൾ മാറ്റിവച്ച് ദൈവത്തോട് അടുത്തു. യേശുവിന്റെ പുനഃരുത്ഥാനത്തിന്റെ ശക്തരായ സാക്ഷികളാകുവാൻ പരിശുദ്ധാത്മാവ് ശിഷ്യരെ നിർഭയരാക്കി. അനേകം ബലഹീനതകളെ കർത്താവു ക്ഷമിച്ചുവെന്ന് അവർക്കറിയാമായിരുന്നു. മുന്നോട്ടു പോകാൻ ഇത് ധൈര്യം നൽകി. യേശു അവരുടെ ജീവിതങ്ങളിൽ ചെയ്തതെന്തെന്ന് അവർക്ക് നന്നായറിയാമായിരുന്നു. അവനിലെ രക്ഷയുടെ വാഗ്ദത്തം അവർക്കറിയാമായിരുന്നു. അതിനാൽ, "വിശ്വാസികളുടെ അഭിലാഷം ക്രിസ്തുവിന്റെ സ്വഭാവത്തിനു തക്ക സ്വഭാവം വെളിപ്പെടുത്തുവാനും അവന്റെ രാജ്യത്തിനായി വേല ചെയ്യുവാനുമായിരുന്നു."-പേജ് 48. ദൈവത്തിനു അവരിലൂടെ അതിശയകരമായ അത്ഭുതങ്ങൾ പ്രവർത്തിക്കാനായി എന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. സഭയെന്ന നിലയിൽ എത്ര വലിയ പാഠമാണിത്.

**മറ്റുള്ളവരുടെ ജീവിതത്തിലെ കുഴപ്പങ്ങൾ കണ്ടെത്തുക വളരെ എളുപ്പം. ഐക്യമുള്ള സഭയിൽ ദൈവഹിതം നടപ്പാകുന്നതിനായി മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തുന്ന സ്വഭാവത്തെ എങ്ങനെ നീക്കാം?**

**വെള്ളി** **നവംബർ 30**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, "യൂണിറ്റി ഇൻ ഡൈവേഴ്സിറ്റി", പേജ് 98-103, ഇവാഞ്ചലിസത്തിൽ നിന്ന്.*

തുടർന്നുള്ള ഉദ്ധരണിയിൽ, ക്രിസ്തുവിൽ ഒന്നായിരുന്ന ആദ്യകാല സഭ അവർക്കിടയിലെ വ്യത്യസ്തതകളുടെ നടുവിലും ഐക്യം നിലനിർത്തി ലോകത്തിനു മുന്നിൽ ശക്തമായ സാക്ഷികളായി നിന്നതെങ്ങനെയെന്ന് വെളിപ്പെടുത്തുന്നു. "സഭയ്ക്കുള്ളിൽ പരിശുദ്ധാത്മാവ് എങ്ങനെയാണ് ആദിമസഭയെ തീരുമാനങ്ങളെടുക്കുന്നതിൽ നയിച്ചതെന്ന് തിരുവചനം വിവരിക്കുന്നു. അത്യധികം ഇടകലർന്നു കിടക്കുന്ന മൂന്നു മാർഗ്ഗങ്ങളിലൂടെയാണ് ഇത് ചെയ്തത്: വെളിപ്പാടുകൾ (ഉദാഹരണത്തിന്: ജനം എന്തു ചെയ്യണമെന്ന് പരിശുദ്ധാത്മാവു പറഞ്ഞു, കൊർണ്ണേല്യൊസ്, അനന്യാസ്, ഫിലിപ്; അങ്ങനെ അനേകരുടെ കാര്യങ്ങളിലും), തിരുവചനം (തിരുവചനം ഉപയോഗിച്ച് സഭ തീരുമാനങ്ങളിലെത്തി), സമവായം (സമൂഹത്തിനകത്തു തന്നെ പരിശുദ്ധാത്മാവു പ്രവർത്തിച്ചു. ചർച്ചകളിലൂടെയും പഠനത്തിലൂടെയും ഒരു സമവായം സൃഷ്ടിച്ചു. അതിന്റെ അവസാനം സഭ മനസ്സിലാക്കുമായിരുന്നു പരിശുദ്ധാത്മാവാണ് അവിടെ പ്രവർത്തിച്ചതെന്ന്). അതായത് വിശ്വാസികൾക്കിടയിലെ സാമൂഹിക, സൈദ്ധാന്തിക, ദൈവശാസ്ത്രപരമായ വിവാദങ്ങളിൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പരിശുദ്ധാത്മാവ് സമവായ മാർഗ്ഗത്തിലൂടെ പ്രവർത്തിച്ചതായി കാണാം. ഇവിടെയെല്ലാം സഭാനേതാക്കളുടെ മാത്രമല്ല സഭാവിശ്വാസികളുടെയും ആത്മാർത്ഥമായ പങ്ക് കാണാം. കൂടാതെ വിവേചനത്തിനായി പ്രാർത്ഥിക്കുന്നുമുണ്ട്. തിരുവചനം മനസ്സിലാക്കുന്നതിൽ,

അനുഭവങ്ങളിലും ആവശ്യങ്ങളിലും, നേതാക്കളുടെ ശുശ്രൂഷയിൽ എല്ലാത്തിലും പരിശുദ്ധാത്മ നടത്തിപ്പ് സമൂഹത്തിലുടനീളം ദർശിക്കാം. പരിശുദ്ധാത്മാവു നയിച്ച പ്രക്രിയകളിലൂടെയാണ് വിവധ സഭാ തീരുമാനങ്ങൾ എടുത്തിരുന്നത്. തിരുവചനം, പ്രാർത്ഥന, അനുഭവം എന്നിവ ആ തീരുമാനങ്ങളിലെ ദൈവശാസ്ത്ര പ്രതിഫലന മായിരുന്നു." - *ഡെന്നിസ് ഫോർടിൻ, "ദി ഹോളി സ്പിരിറ്റ് ആൻഡ് ദി ചർച്ച്", എൻഗെൽ മാനുവൽ റോഡ്രിഗസ് പതിപ്പിൽ നിന്ന്, മെസേജ്, മിഷൻ ആൻഡ് യൂണിറ്റി ഓഫ് ദി ചർച്ച്, പേജ് 321, 322.*

**ചർച്ച**

1. **ബുധനാഴ്ചത്തെ ചോദ്യം ക്ലാസ്സിൽ ഒന്നുകൂടി ചർച്ച ചെയ്യുക. സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ എന്തൊക്കെ പഠിപ്പിക്കലുകളും പതി വുകളും നമുക്കു വേണം, വേണ്ട?**
2. **ക്രിസ്തുവിന്റെ മരണ-പുനഃരുത്ഥാനങ്ങളിൽ വിശ്വസിക്കുന്ന മറ്റ് ക്രൈസ്ത വരുമായി നാം എങ്ങനെ ബന്ധപ്പെടണം?**

**സംഗ്രഹം:** സഹോദരീ സഹോദരന്മാർ യേശു സ്നേഹിച്ചതു പോലെ പരസ്പരം സ്നേഹിക്കുക എന്നതാണ് ഐക്യത്തിന്റെ ഏറ്റവും വിശ്വാസയോഗ്യമായ തെളിവ്. അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നാം പങ്കിടുന്ന പാപക്ഷമയും രക്ഷ യുമാണ് കൂട്ടായ്മയുടെ മികച്ച ബന്ധം. അങ്ങനെ ക്രിസ്തുവിൽ നമ്മുടെ ഐക്യവും ഏക വിശ്വാസത്തിന്റെ സാക്ഷ്യവും ലോകത്തിനു കാണിച്ചു കൊടുക്കാം. ഇതിൽ കുറഞ്ഞൊന്നിനുമല്ല നമ്മെ വിളിച്ചിരിക്കുന്നത്.

****